# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot. No. CPL 01/2022

14-03-2022

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,**

ദൈവം നമുക്കായി ഒരുക്കിയ രക്ഷാപദ്ധതിയുടെ ഭാഗമാണ് യേശുവിന്റെ നമുക്കുവേണ്ടിയുള്ള കഷ്ടാനുഭവവും കുരിശുമരണവും ഉത്ഥാനവും. പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ആവിഷ്കരിച്ച സ്നേഹത്തിന്റെ പദ്ധതിയോട് കുരിശോളം വിനീതനായി യേശു സഹകരിച്ചത്, തന്റെ രക്തത്താൽ മനുഷ്യകുലത്തെ കഴുകി വിശുദ്ധീകരിക്കുന്നതിനാണ്. കുരിശിൽ ഉയർന്നപ്പോൾ യേശുതമ്പുരാൻ ലോകത്തെ മുഴുവൻ തന്നിലേക്ക് ആകർഷിച്ചു. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3:16). നമ്മുടെ കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും അവിടുത്തെ മഹത്വമേറിയ പുനരുദ്ധാനവും അനുസ്മരിക്കുന്ന വലിയ ആഴ്ചയ്ക്ക് ഒരുക്കമായുള്ള അമ്പത് നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ.

വലിയ നോമ്പ്, ഉത്ഥാനം ആഘോഷിക്കുന്നതിനുള്ള ഒരുക്കത്തിന്റെ നാളുകളായാണ് ആദിമ സഭയിൽ ആചരിച്ചിരുന്നത്. എന്നാൽ ആണ്ടുവട്ടത്തിലെ സുപ്രധാനമായ ദിവസങ്ങൾ കൂടിയാണ് വലിയ നോമ്പുകാലം. നമ്മുടെ ശത്രുവായ പിശാചിനെ എതിർത്ത് തോൽപ്പിക്കുവാൻ സ്വർഗ്ഗം നമുക്ക് നൽകിയ ആയുധമാണ് നോമ്പ്. "ഞങ്ങളുടെ രക്ഷകാ, നോമ്പാലും പ്രാർത്ഥനയാലും പുണ്യപ്രവർത്തികളാലും ശത്രുവായ ദുഷ്ടനെ ജയിക്കുവാൻ ഞങ്ങൾക്ക് കൃപനൽകേണമെ" (*വലിയ നോമ്പിലെ പ്രാർത്ഥന, തിങ്കൾ പ്രഭാതം*). തന്റെ ശിഷ്യന്മാർക്ക്

സാത്താനോടുള്ള പോരാട്ടത്തിന് കർത്താവ് ഉപദേശിച്ചുകൊടുത്തതും നോമ്പാകുന്ന ആയുധമാണ്. നോമ്പിനെ അതിന്റെ സമഗ്രതയിൽ നാം ദർശിക്കുകയും ആചരിക്കുകയും ചെയ്യുമ്പോഴാണ് അത് കൂടുതൽ അർത്ഥവർത്താകുന്നത്. നോമ്പ് - ചേർന്നിരിക്കാനുള്ള ഓർമ്മപ്പെടുത്തലാണ്. ചേർന്നിരിക്കേണ്ട ദൈവത്തിൽ നിന്ന് നാം അകന്നോ എന്ന് പരിശോധിക്കാനുള്ള സമയമാണ് നോമ്പ് കാലം. നോമ്പ് എന്നത് വർജ്ജനയുടെയും തപസ്ചര്യയുടെയും കാലമെന്നതുപോലെ വാക്കിലും ചിന്തയിലും പ്രവർത്തിയിലും തിരുത്തലുകൾ വരുത്തേണ്ട കാലമാണ്. നാം ഉപവസിക്കുന്നതോടൊപ്പം ജീവിതത്തിൽ വിശക്കുന്നവരോടും ആവശ്യത്തിലിരിക്കുന്നവരോടും താദാത്മ്യപ്പെടുന്ന അനുഭവമാകണം നോമ്പ്. ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടും നിരന്ന് പുതുക്കപ്പെട്ട ജീവിതം നയിക്കുവാനുള്ള വിളിയാണ് നോമ്പ്.

ഈ കാലഘട്ടത്തിൽ ക്രൈസ്തവ വിശ്വാസ ജീവിതത്തിനും കത്തോലിക്കാ സഭയ്ക്കും നേരിടേണ്ടിവരുന്ന വെല്ലുവിളികൾ ഏറെയാണ്. മാധ്യമങ്ങളിലൂടെ ഏറെ പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുന്നുവെന്നത് യാഥാർത്ഥ്യമായി നിൽക്കുമ്പോഴും തിരുത്തേണ്ടത് തിരുത്തുവാനുള്ള കടമ നമുക്കുണ്ട് എന്നതോർക്കാം. എന്റെ ചിന്തകൾ സ്വർഗ്ഗത്തിന് ഹിതകരമാണോ? എന്റെ പ്രവർത്തികൾ ദൈവഹിതാനുസരണമാണോ? എന്റെ വാക്കുകൾ നന്മനിറഞ്ഞതാണോ? എന്ന് വചന വെളിച്ചത്തിൽ ഞാൻ തിരുത്തി വായിക്കാനുള്ള സമയമാണ് നോമ്പ്. "നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ" (ജോയേൽ 2:13) എന്ന് ജോയേൽ പ്രവാചകൻ നമ്മെ ഓർമ്മപ്പെടുത്തുന്നത് നാം ശ്രദ്ധിക്കേണ്ടതല്ലേ?

'മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുമ്പോൾ' (മത്തായി 3:8) തമ്പുരാൻ നമ്മെ നോക്കി പറയും "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്തായി 3:13).

സഭയുടെ പരസ്യ-സമൂഹ ആരാധനയാണ് വി. കുർബാന. വ്യക്തികളുടെ ആഭിമുഖ്യങ്ങൾക്കും താൽപര്യങ്ങൾക്കും അതീതമായി പരിശുദ്ധ സഭ നിഷ്കർഷിക്കുന്നവിധത്തിലാണ് വി. കുർബാനയെ നാം കാണേണ്ടതും ആരാധിക്കേണ്ടതും (അർപ്പിക്കേണ്ടതും). വി. കുർബാ

നയുടെ അർപ്പണത്തിനും അനുഭവത്തിനുമെതിരായി നാം ചെയ്തു പോയ സകല തെറ്റുകൾക്കും ദൈവത്തോട് മാപ്പുപറയുവാനും തിരുത്തുവാനുമുള്ള അവസരമായി ഈ ആത്മീയ ശാക്തീകരണ വർഷാചരണത്തെ നമുക്ക് സമീപിക്കാം:

നോമ്പിന്റെ അനുഗ്രഹം നമ്മിൽ ഉറപ്പിച്ചുകൊണ്ട് കൂടുതൽ ആത്മീയ ശാക്തീകരണത്തിലേക്ക് നാം തിരിയേണ്ടതുണ്ട്. **2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആത്മീയ ശാക്തീകരണ വർഷമായി ഞാൻ പ്രഖ്യാപിക്കുന്നു.** ദൈവത്തിങ്കലേക്ക് തിരിയുന്നതിനും കർത്താവാണ് ബലം എന്നതിൽ ഉറയ്ക്കുന്നതിനും നമുക്ക് ഈ വർഷം പൂർണ്ണമായി സമർപ്പിക്കാം. മനുഷ്യനുണ്ടാക്കുന്ന പ്രതിസന്ധികൾക്കും പ്രാരാബ്ധങ്ങൾക്കും പ്രതിവിധിയായി ദൈവത്തിങ്കലേക്ക് നമുക്ക് തിരിയാം. നാം ദൈവബന്ധത്തിൽ ആഴപ്പെടുന്നതനുസരിച്ച് നമ്മുടെ സത്യവിശ്വാസം നമ്മുടെ സത്പ്രവർത്തികളിലൂടെ പ്രതിഫലിക്കുന്നതാണ്. സത്പ്രവർത്തികൾ തനിയെ ഉരുവാകുന്നതല്ലാ, പ്രത്യുത നന്മതന്നെയായ ദൈവത്തിൽ നിന്നും ഉളവാകുന്നതാണ്. അടുത്ത മാർച്ച് മാസം (2023) വരെയുള്ള പന്ത്രണ്ടുമാസത്തേക്ക് നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും തീവ്രമായ ഒരു പ്രാർത്ഥനായജ്ഞം നാം നടത്തുകയാണ്. സഭാംഗങ്ങളായ ഏവരും എല്ലാ ദിവസവും ആത്മീയ ശാക്തീകരണത്തെ മുൻനിർത്തി പ്രാർത്ഥിക്കേണ്ടതാണ്. ബഹു. വൈദികർ വി. കുർബാനയിൽ പ്രത്യേകമായി ഈ നിയോഗം ഓർക്കേണ്ടതാണ്. വി. കുർബാനയുടെ ആരാധന/ആശീർവാദം, പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, ജപമാല, കരുണകൊന്ത, 51-ാം സങ്കീർത്തന വായന ഇവ ഭക്തിയോടെ നിർവ്വഹിക്കേണ്ടതാണ്. സഭാംഗങ്ങൾ എല്ലാ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നതോടൊപ്പം ഓരോ മാസവും പ്രത്യേകം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഭദ്രാസനത്തിൽ തീവ്രമായ പ്രാർത്ഥന നടത്തേണ്ടതാണ്.

2022 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ആരംഭിക്കുന്ന ആത്മീയശാക്തീകരണ വർഷാചരണം 2023 മാർച്ച് മാസത്തിൽ കട്കി ഭദ്രാസനത്തിൽ സമാപിക്കുന്നതാണ്. വിവിധ

സന്യാസസമൂഹങ്ങൾ അതാത് ഭദ്രാസനത്തിന്റെ ഊഴമനുസരിച്ചുള്ള മാസത്തിൽ ഭദ്രാസന ക്രമീകരണങ്ങളോട് ചേർന്ന് ഈ ശുശ്രൂഷയിൽ സംബന്ധിക്കേണ്ടതാണ്. ഓരോ ഭദ്രാസനത്തിലേയും വിശദമായ ക്രമീകരണങ്ങൾ ഭദ്രാസനാദ്ധ്യക്ഷൻ നൽകുന്നതായിരിക്കും.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം മേജർ അതിഭദ്രാസനം | - | ഏപ്രിൽ (2022) |
| 2. | തിരുവല്ല അതിഭദ്രാസനം | - | മെയ് |
| 3. | ബത്തേരി ഭദ്രാസനം | - | ജൂൺ |
| 4. | മാർത്താണ്ഡം ഭദ്രാസനം | - | ജൂലൈ |
| 5. | മൂവാറ്റുപുഴ ഭദ്രാസനം | - | ആഗസ്റ്റ് |
| 6. | മാവേലിക്കര ഭദ്രാസനം | - | സെപ്റ്റംബർ |
| 7. | പത്തനംതിട്ട ഭദ്രാസനം | - | ഒക്ടോബർ |
| 8. | പുത്തൂർ ഭദ്രാസനം | - | നവംബർ |
| 9. | സെന്റ് ജോൺ ക്രിസോസ്റ്റം-ഗുഡ്ഗാവ് ഭദ്രാസനം | - | ഡിസംബർ |
| 10. | അമേരിക്ക-കാനഡ ഭദ്രാസനം | - | ജനുവരി (2023) |
| 11. | പാറശ്ശാല ഭദ്രാസനം | - | ഫെബ്രുവരി (2023) |
| 12. | സെന്റ് എഫ്രേം-കട്കി ഭദ്രാസനം | - | മാർച്ച് (2023) |

നിങ്ങൾക്ക് ഏവർക്കും അനുഗ്രഹീതവും ഫലദായകവുമായ വലിയ നോമ്പിന്റെ നല്ല ദിനങ്ങൾ നേരുന്നു. നോമ്പിലെ നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനകളിൽ എന്നേയും ഓർക്കുമല്ലോ.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

14.03.2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B. ഈ സർക്കുലർ ഈ വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.